**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3715 — 30.01.2014 ൽ മറുപടിയ്ക്ക്

**നെല്ലിയാമ്പതി, മുതലമട ഗ്രാമപഞ്ചായത്തുകളെ പരിസ്ഥിതിലോല മേഖലയിൽ നിന്നും ഒഴിവാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതി, മുതലമട ഗ്രാമപഞ്ചായത്തുകൾ പൂർണ്ണമായും പരിസ്ഥിതിലോല പ്രദേശമായി രേഖപ്പെടുത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നെല്ലിയാമ്പതി, മുതലമട വില്ലേജുകൾ പരിസ്ഥിതിലോല പ്രദേശമായി നിർണ്ണയിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പഞ്ചായത്തുകളിലെ വനമേഖല ഒഴികെയുള്ള മുഴുവൻ പ്രദേശങ്ങളും ഈ റിപ്പോർട്ടിൽ നിന്നും ഒഴിവാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് നിലവിൽ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) കസ്തൂരിരംഗൻ കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരമുള്ള പരിസ്ഥിതിലോല വില്ലേജുകളിൽ നേരിട്ട് പരിശോധന നടത്തി പരിസ്ഥിതിലോല പ്രദേശങ്ങൾ നിർണ്ണയിക്കുന്നതിനായി ഗ്രാമപഞ്ചായത്തുതല പരിശോധനാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയുടെ കണ്ടെത്തലുകളും ശുപാർശകളും അനുസരിച്ച് പരിസ്ഥിതിലോല പ്രദേശങ്ങൾ നിർണ്ണയിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ